തദ്ദേശ സ്വയംഭരണ വകുപ്പ്
സംസ്ഥാന ദാരിദ്ര നിർമ്മാർജ്ജന മിഷൻ
ജില്ലാ മിഷൻ കോ-ഓർഡിനേറ്ററുടെ കാര്യാലയം
സിവിൽ സ്റ്റേഷൻ, **പൈനാവ്** പി.ഒ. ഇടുക്കി
☎: 04862-232223
E-mail: spemidk@gmail.com

# എസ്.റ്റി ആനിമേറ്റേഴ്സ്/കോ-ഓർഡിനേറ്റേഴ്സ് ത്രിദിന പരിശീലന റിപ്പോർട്ട്

പട്ടികവർഗ്ഗ മേഖലയിൽ കുടുംബശ്രീ പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ 13 ജില്ലകളിൽ (ആലപ്പുഴ ഒഴികെ) ആനിമേറ്റർമാർ/കോ-ഓർഡിനേറ്റർമാർ എന്നിവരെ തെരഞ്ഞെടുത്തിരുന്നു.

2016 നവംബർ 10,11,12 തീയതികളിൽ ഇടുക്കി ജില്ലയിലെ കുമളി ശിഷക്സദനിൽ വച്ച് ഇടുക്കി, എറണാകുളം, തൃശൂർ ജില്ലകളിൽ നിന്നായ 24 പരിശീലനാർത്ഥികൾക്ക് (ഇടുക്കി-16, തൃശൂർ-4, എറണാകുളം-4) പരിശീലനം നൽകി. സംസ്ഥാന മിഷനിൽ നിന്നും പരിശീലനം നേടിയ പരിശീലകരുടെ നേതൃത്വത്തിലായിരുന്നുപരിശീലനം നടന്നത്. 10-ാം തയതി രാവിലെ 9 മണിക്ക് പരിശീലന പരിപാടി ആരംഭിച്ചു. മുൻകൂട്ടി തയ്യാറാക്കിയ മൊഡ്യൂൾ പ്രകാരം ജില്ലാമിഷൻ പ്രോഗ്രാം എക്സിക്യൂട്ടീവ് (പി.എസ്.ഇ) സ്വാഗതം ആശംസിക്കുകയും തുടർന്ന് മഞ്ഞുരുക്കൽ പരിപാടിയോടുകൂടി പരിശീലനത്തിന് തുടക്കംകുറിച്ചു. തുടർന്ന് മുൻകൂട്ടി നൽകി മൊഡ്യൂൾ പ്രകാരം പരിശീലനപരിപാടി തുടർന്നു.

ര□ ാം ദിവസം രാവിലെ 9 മണിക്ക് ഈശ്വരപ്രാർത്ഥനയോടെ പരിശീലനപരിപാടി ആരംഭിച്ചു. ഒന്നാം ദിവസത്തെ പരിപാടിയുടെ റിപ്പോർട്ട് അവതരണത്തോടെ ക്ലാസ്സുകൾ ആരംഭിച്ചു. പരിശലനാർത്ഥികളുടെ ഇടയിൽ നിന്നും 4 പേർ റീക്യാപ്പ് അവതരിപ്പിച്ചു. തുടർന്ന് മൊഡ്യൂൾ പ്രകാരം ക്ലാസ്സുകളും ടിപ്സ്കളുമായി തുടർന്നു. സംസ്ഥാന മിഷനിൽ നിന്നും സംസ്ഥാന പ്രോഗ്രാം എക്സിക്യൂട്ടീവ് കുമാരി. ശാരിക ആനിമേറ്റർമാരുടെ ചുമതലകളും പരിശീലനത്തിന്റെ പ്രാധാന്യത്തെപറ്റിയും വിശദീകരിച്ചു.തുടർന്ന് 2 PM ന് പരിശീലന പരിപാടിയുടെ ഔദ്യോഗിക ഉദ്ഘാടനം കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്റർ ശ്രീ.ഷൈൻ എം.സിറിയക് നിർവ്വഹിച്ചു. യോഗത്തിൽ കുമളി സി.ഡി.എസ് ചെയർപേഴ്സൺ ശ്രീമതി. സാലി ജേക്കബ് അദ്ധ്യക്ഷ വഹിച്ചു. ഇടമലക്കുടി സി.ഡി.എസ് ചെയർപേഴ്സൺ സ്വാഗതം ആശംസിച്ചു. ഉദ്ഘാടനത്തിനു ശേഷം പരിശീലന പരിപാടി തുടർന്നു.

മൂന്നാം ദിവസവും രാവിലെ 8.30-ന് പ്രഭാത ഭക്ഷണത്തോടെ പരിപാടി ആരംഭിച്ചു. 9 മണിക്ക് റീക്യാമ്പ് നടത്തി. തടർന്ന് പരിശീലനപരിപാടി തുടർന്നു. ഉച്ചഭക്ഷണത്തിനു ശേഷം ജില്ലതിരിഞ്ഞ് ആക്ഷൻപ്ലാൻ തയ്യാറാക്കി ഗ്രൂപ്പുകൾ അവതരിപ്പിച്ചു. 4 മണിയോടെ പരിശീലന പരിപാടി അവസാനിച്ചു. സമാപന മീറ്റിംങിൽ പരിശീലന പരിപാടിയുടെ അവലോകനം പരിശീലനാർത്ഥികൾ നടത്തി. പരിശീലന പരിപാടിയിൽ ക്ലാസ്സുകളോടൊപ്പംതന്നെ ആക്റിവിറ്റീസും ടിപ്സുകളും പരിശീലനത്തിന് കൊഴുപ്പേകി.

മാസ്റ്റേഴ്സ് ട്രെയിനിംങ് ടീമിൽ നിന്നും 2 അംഗങ്ങളും, ഡ്രീംസ് ട്രെയിനിംങ് ടീമിൽ നിന്നും 2 അംഗങ്ങളും പരിശീലനാർത്ഥികൾക്ക് ക്ലാസ്സെടുത്തു. ജില്ലാമിഷൻ കൺസൾട്ടന്റുമാർ, ഒ.എസ്.എസ് തുടങ്ങിയവരും പരിശീലനാർത്ഥികൾക്ക് ചില കാര്യങ്ങളിൽ വ്യക്തത വരുത്തുന്നതിന് സഹായിച്ചു.

പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നുമെത്തിയ പ്രതിനിധി വികസനവകുപ്പ് നടപ്പിലാക്കുന്ന വിവിധ ക്ഷേമ പദ്ധതികളെക്കുറിച്ച് വിശദീകരിച്ചു. ഇത് പരിശീലനത്തിന് വളരെയധികം പ്രയോജനപ്പെട്ടു.

ജില്ലാമിഷൻ നടത്തിയ ത്രിദിന പരിശീലനം പ്രോഗ്രാം സപ്പോർട്ട് എക്സിക്യൂട്ടീവ് നേതൃത്വം നൽകി.

ബിജു ജോസഫ്

പി.എസ്.സി